<u>ഭരണഭാഷ-മാതൃഭാഷ</u>


**കുംബഡാജെ ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 671551 GSTIN:32AALK2747E1ZG**
**ഫോൺ നമ്പർ : 0499-8260237**
seckumbadajegp@gmail.com


**നമ്പർ: 4998345-2026**

**തീയതി : 21-08-2026**

## <u>അറിയിപ്പ്</u>

വിഷയം: കുമ്പടാജെ ഗ്രാമ പഞ്ചായത്ത് - വിവിധ വാർഡുകളിലെ മരങ്ങളുടെ ലേലം

കുമ്പഡാജെ ഗ്രാമപഞ്ചായത്തിലെ വെറുംമ്പോടി ജയനഗർ മുക്കൂർ ബെള്ളികേ എന്നീ അംഗനവാടികളിലെയും , FHC കുമ്പഡാജെ എന്ന സ്ഥാപനത്തിന് സമീപമുള്ളതുമായ മരങ്ങൾ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ കാര്യാലയത്തിൽ നിന്ന് ലഭിച്ച മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ 31/08/2026 തീയതി 11.00 AM മണിക്ക് കുമ്പഡാജെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ലേലം ചെയ്യുന്നതാണ്.

**<u>ലേലം ചെയ്യുന്ന മരങ്ങൾ താഴെ പറയുന്നവയാണ്,</u>**

വാർഡ് ഒന്ന് വെറുംമ്പോടി അംഗനവാടി കെട്ടിടത്തിന് സമീപമുള്ള മരങ്ങളായ ഒരു മഴവാക ഒരു മാഞ്ചി. വാർഡ് 11 ജയനഗർ അംഗനവാടി കെട്ടിടത്തിന് സമീപമുള്ള മരങ്ങളായ ഒരു പ്ലാവ് ഒരു മട്ടി, ഒരു അത്തി. വാർഡ് 9 മുക്കൂർ അംഗനവാടി കെട്ടിടത്തിന് സമീപമുള്ള മരങ്ങളായ ഒരു ഒരിപ്പ്. വാർഡ് 8 ബെള്ളിക അംഗൻവാടി കെട്ടിടത്തിന് സമീപമുള്ള ഒരു പാല രണ്ട് പ്ലാവ് ഒരു പുളി . മർപ്പനടുക്ക FHC കെട്ടിടത്തിന് പരിസരത്തുള്ള ഒരു മട്ടി

**<u>ലേല വ്യവസ്ഥകൾ</u>**

.1. ലേലത്തിൽ പങ്കെടുക്കുന്നവർ മൊത്തം നിരത ദ്രവ്യമായ 48,627/- രൂപയുടെ 5% തുകയായ 2431/- രൂപ മുൻകൂട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കി രസീത് കൈപ്പറ്റേണ്ടതാണ്.

2.ലേലം ഉറപ്പിച്ചു കിട്ടുന്ന വ്യക്തി തുകയുടെ 50% തുകയും ജിഎസ്.ടി ഉൾപ്പെടെ അന്നേദിവസം പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

3. ലേലത്തിൽ പങ്കെടുക്കുന്നവർ ലേല സ്ഥലത്ത് 31/08/2026 11 AM ന് മുമ്പായി എത്തിച്ചേരേണ്ടതാണ്.

4.ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ നിശ്ചിത സമയത്തിനകം ലേലത്തുക ജി.എസ്.ടി സഹിതം പഞ്ചായത്തിൽ അടവാക്കേണ്ടതും, മരങ്ങൾ നിശ്ചിത സമയത്തിനകം സ്വന്തം ചെലവിൽ മുറിച്ചു മാറ്റേണ്ടതുമാണ്. ടി വ്യവസ്ഥകൾക്ക് കാലതാമസം ഉണ്ടായാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ലേലം റദ്ദ് ചെയ്ത് പഞ്ചായത്തിൽ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5.ലേലം ഉറപ്പിച്ചു കിട്ടുന്ന വ്യക്തി മരങ്ങൾ മുറിച്ചു മാറ്റുന്ന സമയത്തും സ്ഥലത്തും അതതു ഭാഗങ്ങളിലെ കെട്ടിടങ്ങൾക്കോ, വസ്തുക്കൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഉത്തരവാദിയാവുകയും പഞ്ചായത്ത് തീരുമാനങ്ങൾക്ക് അനുസരിച്ചുള്ള നിയമാനുസൃത നടപടിക്ക് വിധേയമാകുന്നതുമാണ്.

6. ലേലം ഉറപ്പിച്ചു കിട്ടുന്ന വ്യക്തി ലേല തുകയുടെ ജി.എസ്.ടി കൂടാതെ, വനവികസന നികുതിയായി അഞ്ച് ശതമാനം തുക നിശ്ചിത ഹെഡ് ഓഫ് അക്കൗണ്ടിൽ കാസർഗോഡ് ജില്ലാ ട്രഷറിയിൽ അടവാക്കേണ്ടതാണ്.

7. ലേലം മാറ്റിവെക്കുന്നതിനും പുതിയ വ്യവസ്ഥകളും നിബന്ധനകളും കൂട്ടിച്ചേർക്കുന്നതിനും പഞ്ചായത്തിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. നിശ്ചയിച്ചിട്ടുള്ള ദിവസം ആകസ്മികമായ അവധി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ തൊട്ടടുത്തുള്ള പ്രവർത്തി ദിവസം ഇതേ സമയത്തും, സ്ഥലത്തും ലേലം നടക്കുന്നതായിരിക്കും .

Signature Not Verified
Digitally signed by Vipin S G
Date: 2026.08.21 12:05:06 IST
Reason: KSMART

സെക്രട്ടറി

സ്വീകർത്താവ്

പൊതുജനഅറിയിപ്പ്
ലേലം
ലേലം നോട്ടീസ്